WEDNESDAY 15-12-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 15/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്ന് ക്ഷേമനിധി മുഖേനയാണ് പെൻഷൻ ലഭിക്കുക. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. കൂടാതെ 2019 ഡിസംബർ 20 -ന് 56 വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും 65 വയസ്സുവരെ ഈ ക്ഷേമനിധിയിൽ അംഗമാകുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

2. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജനുവരി ആദ്യ വാരത്തിൽ **എള്ള് കർഷക സംഗമം** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരഭൂമികളിലോ നെൽകൃഷിയിടങ്ങളിലോ ഇടവിളയായോ, പരമ്പരാഗതമായോ എള്ള് കൃഷി ചെയ്തു വരുന്ന എറണാകുളം ജില്ലയിലെ കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് എള്ള് കൃഷി മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം ജില്ലയിൽ ഉൽപാദിപ്പിക്കുന്ന എള്ള് കേന്ദ്രീകൃതമായി സംഭരിച്ചു മൂല്യ വർദ്ധനം നടത്തി ബ്രാൻഡ് ചെയ്തു വിപണനം നടത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുക എന്നതാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലക്ഷ്യം. കൂട്ടായ്മയുടെ ഭാഗമാകുവാൻ താല്പര്യമുള്ള കർഷകർ **8281757450** എന്ന നമ്പറിൽ പ്രവർത്തിദിനങ്ങളിൽ 10 നും 4 നും ഇടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലെ രണ്ടു പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, ഒരു പശു ഒരു കിടാരി, മൂന്നു പശു രണ്ട് കിടാരി, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, കന്നുകാലികൾക്കുള്ള പാരിസ്ഥിതിക സമ്മർദ്ദ ലഘൂകരണം, ധാതുലവണമിശ്രിതം തുടങ്ങിയ പദ്ധതികൾക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 18 (ഡിസംബർ 18) ആണ്. കൂടുതൽ വിവരങ്ങൾക്ക് **9497639939, 9400478717, 9496262296, 9446384666** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർ തോട്ടം തൊഴിലാളികൾക്ക് റബ്ബർബോർഡ് നൽകുന്ന ക്ഷേമപദ്ധതികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (15.12.21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്) കെ. ബിനു മാത്യു മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ഡിസംബർ 21, 22 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. റബ്ബർ വ്യാപാരികൾ, കർഷകർ, റബ്ബർ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, റബ്ബർ ഉപഭോക്താക്കൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനപ്പെടും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **0481 2353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇമെയിൽ : training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 15, 16 (ഡിസംബർ 15,16) തീയതികളിൽ **കേക്ക്, വൈൻ നിർമ്മാണം**, 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ പേര്, മൊബൈൽ നമ്പർ, പരിശീലന വിഷയം എന്നിവ **8848420984** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശമായോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് കത്ത് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8848420984, 9495118208** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. പായിപ്പാട്ട് ഗ്രാമപഞ്ചായത്ത് 2021 – 2022 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പോത്ത് വളർത്തൽ, പശുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗവും, പരിശീലനവും നാളെ (15.12.21) രാവിലെ 10.30 ന് പായിപ്പട് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നടത്തുന്നതാണ്. അപേക്ഷകർ ഈ പരിപാടിയിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

8. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഈ മാസം 18-ന് (ഡിസംബർ18ന്) **"തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഉച്ചവരെ എൽ.എം.ടി.സി സെമിനാർ ഹാളിൽ വെച്ച് ക്ലാസും ഉച്ചയ്ക്ക് ശേഷം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താനാളൂർ ഫാമില് വെച്ച് സൈലേജ് നിർമ്മാണത്തിലുള്ള പ്രായോഗിക പരിശീലനവുമാണ് സംഘടിപ്പിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 16-ന് (16/12/2021 ന്) 5 മണിയ്ക്ക് മുമ്പ് 0494-296 2296, 8089293728 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം